LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉപരിപഠനം

28 (2571) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിന് ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ സംസ്ഥാനം മുന്നിലെത്താൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലക്കായി ഓരോ വർഷവും ചെലവിടുന്ന തുകയ്ക്ക് ആനുപാതികമായ വളർച്ച കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത രംഗത്തെ നേട്ടം നിലനിർത്താനും പരമാവധിയിലെത്തിക്കാനുമായി ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭൻമാരെകൂടി ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതും നിലവിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതും അദ്ധ്യാപകർക്ക് അന്താരാഷ്ട്ര നിലവാരത്തിനൊപ്പമുള്ള പരിശീലനങ്ങൾ നൽകാൻ അവസരമൊരുക്കിയതും കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കർമ്മ പദ്ധതികളുമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിന് ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയെക്കാൾ സംസ്ഥാനം മുന്നിലെത്താൻ സഹായിച്ചത്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും പദ്ധതികളിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭന്മാരെ ഉൾപ്പെടുത്താറുണ്ട്.